**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1615** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിന്റെ വളവുകൾ നിവർത്തുന്നതിന് സ്ഥലമേറ്റെടുപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റുമാനൂർ – എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ചുള്ള ഏറ്റവും പുതിയ വിവരങ്ങൾ, അതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ, അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, മഹസർ തയ്യാറാക്കൽ എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിലേക്ക് സ്ഥലങ്ങൾ പരിശോധിച്ച് വരുന്നു. മഹസർ തയ്യാറാക്കി വരുന്നു. |
| (ബി) | കോട്ടയം ജില്ലയിലെ കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 1.9652 ഹെക്ടർ ഭൂമി ഏറ്റുമാനൂർ – എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനായി ഏറ്റെടുക്കുന്നതിന് 16/12/2021-ലെ സ.ഉ (സാധാ)നം 4531/2021/റവ, 03/07/2022-ലെ സ.ഉ (സാധാ)നം 2928/2022/റവ പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും ഭൂമിയേറ്റെടുക്കൽ നടപടികൾ മന്ദഗതിയിലാകാൻ കാരണമായ ഘടകങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന സർവ്വെ സബ് ഡിവിഷനുകൾ ജില്ലാ സർവ്വെ സൂപ്രണ്ട്, പദ്ധതിയുടെ തുടക്കത്തിൽ അംഗീകരിച്ച നൽകിയത് പുതിയ ആക്ട് പ്രകാരമുള്ള 6(1) വിജ്ഞാപനം പ്രകാരം അല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ആദ്യം അംഗീകരിച്ചവ റദ്ദാക്കി പുതിയവ തയ്യാറാക്കി അംഗീകരിച്ച് നൽകേണ്ടി വന്നത് കാലതാമസത്തിന് കാരണമായിട്ടുണ്ട്. കൂടാതെ, സ്ഥലപരിശോധനയിൽ കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി, വടയാർ വില്ലേജുകളിലെ ചില സർവ്വെ നമ്പരുകളും കൂടി ഉൾപ്പെട്ടുവരുമെന്ന് കണ്ടെത്തുകയും, തുടർന്ന്, പ്രസ്തുത സ്ഥലങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ അനുമതി ഉത്തരവ് 08-04-2025ലെ സ.ഉ.(സാധാ) നം.898/2025/റവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, 11(1) വിജ്ഞാപനം 17.05.2025-ലെ 1852-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് അധികൃതരും റവന്യൂ അധികൃതരും ചേർന്ന് സംയുക്തസ്ഥല പരിശോധന നടത്തി മാറ്റം വരുത്തിയ അലൈൻമെന്റ് സ്കെച്ച് 22.08.2025-ന് ലഭിച്ചിട്ടുണ്ട്. അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (BVR) തയ്യാറാക്കിയതിൻമേൽ സ്ഥല പരിശോധന നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (നിരത്ത് വിഭാഗം) അഭ്യർത്ഥിച്ച സാഹചര്യത്തിൽ, കോട്ടയം ജില്ലാ കളക്ടറുടെ അഭിപ്രായം ആരാഞ്ഞതിന് ശേഷം, ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ നിയമപ്രകാരം അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ടും മഹസ്സറും തയ്യാറാക്കി, നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എത്രകാലമെടുക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഏകദേശം 2 മാസം സമയം എടുക്കുമെന്ന് കണക്കാക്കുന്നു. |
| (ഡി) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും, വടയാർ വില്ലേജിലെ എല്ലാ റീസർവേ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി നൽകുന്നത് സംബന്ധിച്ച് എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ഡി) | 08-04-2025ലെ സ.ഉ.(സാധാ) നം.898/2025/ റവ പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, 11(1) വിജ്ഞാപനം 17.05.2025-ലെ 1852-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പറുകളും വടയാർ വില്ലേജിലെ എല്ലാ റീസർവേ സബ് ഡിവിഷൻ നമ്പറുകളും ഉൾപ്പെടുത്തി ഉത്തരവ് പുതുക്കുകയും കോട്ടയം ജില്ലാ കളക്ടറുടെ അഭിപ്രായം ആരായുകയും ചെയ്തതിനുശേഷമുള്ള നടപടിക്രമങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (ഇ) | അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (BVR) അംഗീകരിച്ച് ലഭിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും വാല്യുവേഷൻ ശേഖരിച്ച് വിശദ വിലനിർണ്ണയ പത്രിക (DVS) അംഗീകരിച്ച്, നഷ്ടപരിഹാരത്തുക അർത്ഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്ന താണ്. |
| (എഫ്) | 2013-ലെ ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ നിയമപ്രകാരം അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട്, മഹസ്സർ, നിർമ്മിതികളുടെ/വൃക്ഷങ്ങളുടെ/കാർഷിക വിളകളുടെ വില നിർണ്ണയം എന്നിവയ്ക്കായി എത്ര സമയപരിധിക്കുള്ളിൽ ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കൽ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ ? | (എഫ്) | ഏകദേശം 2 മാസം സമയം എടുക്കുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ